***റിപ്പോർട്ട് നമ്പർ*: 1.1 *(84-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ്)***

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## മിനിറ്റ്സ്, 84-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : **09** ജനുവരി **2024**, സമയം : രാവിലെ **10.30** മണി

വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/2147/2023)

***ഹാജരായ അംഗങ്ങൾ:***

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ – അദ്ധ്യക്ഷൻ
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിലിലെ എം.എൽ.എ. പ്രതിനിധി)
3. ശ്രീ. ഒ.ആർ. കേളു, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
4. ഡോ. സജിത്ത് പുരുഷോത്തമൻ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
5. ഡോ. ലീബ ചാക്കോ (മാനേജ്മെന്റ് കൗൺസിലിൽ പ്രതിനിധി)
6. ശ്രീ. തോമസ്. കെ.കെ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
7. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ – മെമ്പർ സെക്രട്ടറി

***സാന്നിധ്യം:***

1. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറി യുടെ പ്രതിനിധി)
2. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
3. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
4. ഡോ. കെ. വിജയകുമാർ, ഡീൻ, സി.വി.എ.എസ്., മണ്ണുത്തി.
5. ഡോ. എസ്.എൻ. രാജകുമാർ, ഡീൻ, വി.കെ.ഐ.ഡി.എഫ്.ടി., മണ്ണുത്തി.
6. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
7. ശ്രീമതി. കോമളവല്ലി. ടി.പി., ലോ ഓഫീസർ
8. ശ്രീ. ബാബുരാജ്. കെ.പി. – ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം.

യോഗം 10.35 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

പൂക്കോട് ക്യാമ്പസിനകത്തുണ്ടായ വാഹനാപകടത്തിൽ നിര്യാതനായ MVSc വിദ്യാർത്ഥി ഡോ. സജിൻ മുഹമ്മദ്, വെറ്ററിനറി മൈക്രോ ബയോളജിയിലെ റിട്ടയേഡ് പ്രൊഫസറായ ഡോ. പി.സി ജെയിംസ്, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി മുൻ ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പ് മേധാവി ഡോ. പി.എസ്. പുഷ്ക്കരൻ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ റിട്ടയേഡ് സെക്ഷൻ ഓഫീസറായ ശ്രീ. സാംസൺ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് അടുത്ത കാലത്ത് സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ലഭിച്ച പ്രധാനപ്പെട്ട അംഗീകാരങ്ങളും സർവ്വകലാശാലയുടെ പ്രവർത്തന നേട്ടങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- ഹിസ്സാറിലെ ലുവാസിൽ നടന്ന ഐ.എ.വി.പി.എച്ച്.എസ് കോൺഫറെൻസിൽ സർവ്വകലാശാലാ ഡി.എ.ആർ. കൂടിയായ ഡോ. സി. ലത- യ്ക്ക് ആർ.കെ.അഗർവാൾ ഫുഡ് സേഫ്റ്റി അവാർഡ് ലഭിച്ചു.
- ദേശീയ ബിരുദാനന്തര- ബിരുദ പ്രവേശന പരീക്ഷകളിൽ വെറ്ററിനറി സർവ്വകലാശാല വിദ്യാർത്ഥികൾ തിളക്കമാർന്ന വിജയം നേടി. മേൽ പരീക്ഷകളിൽ നിത്യ.പി.എൻ -ന് പി.ജി ഫുഡ് സയൻസ് & ഓപ്പറേഷൻ & മാനേജ്മെന്റിൽ ഒന്നാം റാങ്കും വെറ്ററിനറി അനാട്ടമിയുടെ SRF പരീക്ഷയിൽ ജയലക്ഷ്മി ഒന്നാം റാങ്കും കരസ്ഥമാക്കി.
- Veterinary ക്ലിനിക്കൽ കോൺഫറൻസിൽ സർവ്വകലാശാലാ വിദ്യാർത്ഥികൾ വിവിധ അവാർഡുകൾ നേടി. ആയതിൽ അലൻ വി. സ്റ്റീഫൻ എന്ന വിദ്യാർത്ഥിക്ക് 3 അവാർഡുകൾ ലഭിച്ചു.
- “കേരളീയം” 2023 പരിപാടിയുടെ ഭാഗമായി "Pet foods and Supplements" എന്ന സ്റ്റാൾ പ്രദർശിപ്പിച്ചു.
- കേരള വെറ്ററിനറി സയൻസ് കോൺഗ്രസ് 2024 നവംബർ 17, 18, 19 തീയ്യതികളിൽ പൂക്കോടുള്ള സർവ്വകലാശാല ആസ്ഥാനത്ത് വെച്ച് നടത്തുകയുണ്ടായി. ബഹു. പ്രോ-ചാൻസിലറും വകുപ്പ് മന്ത്രിയുമായ ശ്രീമതി. ജെ. ചിഞ്ചുറാണി അവർകളാണ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തത്.
- 2023 നവംബർ മാസത്തിലെ അവസാന ആഴ്ചയിൽ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയിലെ മണ്ണൂത്തി വെറ്ററിനറി ക്യാമ്പസിൽ മെറിറ്റ് ദിനം ആചരിക്കുകയുണ്ടായി.

ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ചുവടെ കൊടുത്തിരുക്കുന്ന പരിശീലന പരിപാടികളെക്കൂടി സൂചിപ്പിച്ചതിനു ശേഷം അജണ്ടക്കുറിപ്പുകൾ അവതരിപ്പിക്കാൻ ചെയർ രജിസ്ട്രാറെ ക്ഷണിച്ചു.

- BSF ലാർവ ഉപയോഗിച്ച് വീട്ടുമുറ്റത്തെ ബ്രോയിലർ ഫാമിംഗ് സംബന്ധിച്ച് “പ്രതീക്ഷ” എന്ന ട്രെയിനിംഗ് പ്രോഗ്രാം ആഗസ്റ്റ് 4 ന് CASPS മണ്ണൂത്തിയിൽ വെച്ച് നടത്തി.
- Basic training on General Management, Health Care and Tranquilization of Captive Asian Elephants" എന്ന വിഷയത്തിൽ 5 ദിവസത്തെ ട്രെയിനിംഗ് Academic Staff College -ൽ വച്ച് 21/08/2023 മുതൽ 25/08/2023 വരെ നടത്തി.
- ICAR-NAARM മായി സഹകരിച്ച് Career Development Centre - ന്റെ സുസ്ഥിരതയെ കുറിച്ച് നവംബർ 7-ന് CoVAS പൂക്കോട് വെച്ച് ഒരു വർക്ക് ഷോപ്പ് നടത്തി.
- സർവ്വകലാശാലയുടെ പ്രോഗ്രാമായ “പ്രതീക്ഷ” പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം സെപ്തംബർ 8-ന് പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്, പട്ടിക്കാട് വെച്ച് നടന്നു. പരിപാടിയിൽ ബഹു. പ്രോ-ചാൻസിലറും വകുപ്പ് മന്ത്രിയുമായ ശ്രീമതി. ജെ. ചിഞ്ചു റാണി, ബഹു. (റവന്യൂ & ഹൗസിംഗ്) മന്ത്രി കെ.രാജൻ എന്നിവർ പങ്കെടുത്തു. സർവ്വകലാശാലയുടെ മൾട്ടിമീഡിയ സ്റ്റുഡിയോ ആയ KVASU MIRROR അന്നേ ദിവസം ബഹു. മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി First Recording നടത്തി ഉദ്ഘാടനം ചെയ്തു.
- 16/10/2023 ന് "World Food Day" വിവിധ പരിപാടികളോടെ ആഘോഷിച്ചു.

തുടർന്ന് രജിസ്ട്രാർ അജണ്ടാക്കുറിപ്പുകൾ അവതരിപ്പിച്ചു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 19/08/2023-ന് നടന്ന 83-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | മിനിറ്റ്സിൽ മൃഗ-സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധിയെ 'സാന്നിധ്യം' എന്ന രീതിയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും ടിയാനെ 'ഹാജരായ അംഗങ്ങൾ' എന്ന തലക്കെട്ടിൽ ഉൾപ്പെടുത്തേണ്ടതല്ലേ എന്ന് ബഹു. അംഗം ശ്രീ. തോമസ് കെ.കെ. ആരാഞ്ഞു. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് രജിസ്ട്രാർ യോഗത്തെ അറിയിച്ചു. കൂടാതെ മിനിറ്റ്സിൽ പറഞ്ഞിരിക്കുന്നത് പോലെ അജണ്ടാക്കുറിപ്പുകൾക്ക് പുറമേ നടന്ന ചർച്ചയിൽ, ഡോ. സ്മിത. ജെ.പി.-യുടെ പുറത്താക്കലുമായി ബന്ധപ്പെട്ട വിധി ന്യായത്തിന് എതിരായി മേൽ കോടതിയെ സർവ്വകലാശാല നേരിട്ട് സമീപിക്കണമോ എന്ന ചോദ്യമല്ല ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. ഉന്നയിച്ചതെന്നും മേൽ കോടതിയെ സർവ്വകലാശാല നേരിട്ട് സമീപിക്കണം എന്ന് ആവശ്യപ്പെട്ട താണെന്നും ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അറിയിച്ചു. ഇത്തരത്തിൽ മിനിറ്റ്സിൽ മാറ്റം വരുത്തുന്നതിന് യോഗം തീരുമാനിച്ചു.<br>മേൽ തിരുത്തലുകളോടെ മിനിട്സ് അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.2 | 19/08/2023-ന് നടന്ന 83-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൻ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br>അജണ്ടാക്കുറിപ്പുകൾക്ക് പുറമെ നടന്ന ചർച്ചയിലെ രണ്ടാമത്തെ ഇനത്തിൽ ഡോ. സ്മിത. ജെ. പി. മേൽക്കോടതിയെ സമീപിച്ചത് സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ടെന്നും ടി കത്തിൽ സർവ്വകലാശാലയോട് കക്ഷി ചേരാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബഹു. അംഗം ശ്രീ. തോമസ്. കെ. കെ. യോഗത്തെ അറിയിച്ചു. സർവ്വകലാശാലയ്ക്ക് അനുകൂല നിലപാട് ആയതിനാൽ ടിയാരി |

| | | |
|---|---|---|
| | | സർവ്വകലാ ശാലയെ കക്ഷി ചേർക്കാതെ സർവ്വകലാശാല നേരിട്ട് കക്ഷി ചേരുന്നത് കോടതി വിമർശനം ഉണ്ടാക്കിയേക്കാം എന്ന് യോഗം നിരീക്ഷിച്ചു. ആയതിനാൽ മേൽ പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട എന്ന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.3 | GA/A5 - Permission granted to teachers to visit abroad on official purpose -Reporting - Reg. | Noted.<br><br>*Action: Registrar* |
| 1.4 | GA/A5 - Permission granted to teachers to visit abroad on personal purpose – Reporting - Reg. | Noted.<br><br>*Action: Registrar* |
| 1.5 | GA/A5 - Dr. Bimal C.B., Assistant Professor, Department of Animal Genetics and Breeding, CVAS, Pookode- Requested to grant half pay leave in continuation of the LWA Sanctioned to complete the Ph.D. Programme - Sanctioned-Reporting-reg. | Noted.<br><br>*Action: Registrar* |
| 1.6 | GA/A5 - Dr. Sudheesh S Nair., Assistant Professor, Department of Veterinary Surgery and Radiology, CVAS, Pookode - Requested to grant LWA vide Appendix XII A for overseas Employment - Sanctioned – Reporting - reg. | Noted.<br><br>*Action: Registrar* |
| 1.7 | പൊതുഭരണം/സി1 - സർവ്വകലാ ശാലയുടെ തുമ്പൂർമുഴി സ്റ്റേഷനു കീഴിലുള്ള ഓഡിറ്റോറിയത്തിന് വാടക നിശ്ചയിച്ചത് ഭരണസമിതിയിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്. | നിശ്ചയിച്ച നിരക്കുകൾ ആറ് മാസത്തിനു ശേഷം പുന:പരിശോധിക്കണമെന്ന ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം. എൽ. എ. – യുടെ നിർദ്ദേശത്തോടെ നടപടി സാധൂകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.8 | പൊതുഭരണം/ബി2 - 01.01.2022 മുതൽ 31.12.2022 വരെയുള്ള ഇന്റഗ്രേറ്റഡ് യൂണിവേഴ്സിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന്റെ (IUMS) Annual Maintenance Contract (AMC) ഉടമ്പടി പ്രകാരമുള്ള തുക 2023-24 പദ്ധതി വിഹിതത്തിൽ നിന്ന് അനുവദിച്ചത് - ഭരണസമിതിയിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.9 | പൊതുഭരണം/സി1 - സർവ്വകലാശാല യുടെ മണ്ണുത്തിയിലുള്ള ഇൻഡോർ സ്റ്റേഡിയം, ജിമ്നേഷ്യം എന്നിവയ്ക്ക് ഏർപ്പെടുത്തിയ യൂസർ ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ പുതുക്കിയത് - ഭരണസമിതിയിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. | സാധൂകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 2.1 (A & B) | DAR - Academic Programmes – Approval of result -Reg. | Approved & recommended to the MC.<br><br>*Action: DAR* |
| 2.2 | ഡി.എ.ആർ. – അക്കാദമിക്സ് – യൂണിവേഴ്സിറ്റിയിൽ നിന്നും കുറഞ്ഞ ഫീസിൽ നൽകി വരുന്ന സെർട്ടിഫിക്കറ്റുകളുടെ ഫീസ് വർധിപ്പിക്കുന്നതും, തപാൽ ചാർജ് ഈടാക്കുന്നതും സംബന്ധിച്ച്. | അംഗീകരിച്ച് മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു.<br><br>*നടപടി: ഡി.എ.ആർ.* |
| 2.3 | DAR - Approval of Score Card for appointment of Assistant Professors in the University - Reg. | Instead of the cut-off marks prescribed in the proposal, board has decided that a short list will be prepared and published before inviting the candidates for interview. In the shortlist, five candidates will be included for each category of vacancies by observing the principle of communal rotation. Hon'ble member Shri. Thomas K.K. has enquired whether it is necessary to include the criteria of 'Knowledge in Malayalam' for the selection of Asst. Professors. The matter was discussed in the Board in detail, and it was decided to include the same since the knowledge in Malayalam is necessary to impart the ideas developed through the research to |

| | | |
|---|---|---|
| | | the farmers and since other Universities in India are also insisting the knowledge in the regional language for the selection of Assistant Professors.<br><br>Approved with the above said modification and recommended to the Management Council.<br><br>*Action: DAR/Registrar* |
| 2.4 | DAR - Modification in the proforma of Career Advancement Scheme (CAS) and Annual Self-Appraisal report for teachers - Minimum Standards Assessment Cell (MSAC) for promotion/ selection of faculty- Reg. | Approved & recommended to the MC.<br><br>*Action: DAR/Registrar* |
| 2.5 | DAR - Submitting modifications/ additions to be incorporated in the Chapter XXI (Faculties), Clause no. 379 (Faculty of Dairy Science and Technology) of the KVASU First Statutes, 2014 – Formation of New teaching – cum - research departments in the Food Technology stream and subjects of study under each of them to be placed for approval by the competent authorities of the University – Reg. | Approved & recommended to the MC.<br><br>*Action: DAR/Registrar* |
| 2.6 | DAR - Faculty of Poultry Sciences- Establishment of new departments/ removing any existing departments – Reg. | Approved & recommended to the MC.<br><br>*Action: DAR/Registrar* |
| 2.7 | DAR - Proposal for recommending the name of departments in the Faculty of Veterinary and Animal Sciences as that is given in the statute of Kerala Veterinary and Animal Sciences University - Submitted- Reg. | Approved & recommended to the MC.<br><br>*Action: DAR/Registrar* |

<table>
<tr><th>ഇനം നമ്പർ</th><th>വിഷയം</th><th>തീരുമാനം</th></tr>
<tr><td>2.8</td><td>ഡി.എ.ആർ - റിസർച്ച് - വയനാട് പാക്കേജ് 2023-24 – “Establishment of an advanced veterinary diagnostic imaging Centre and upgrading of diagnostic, therapeutic and surgical facilities for large animals at TVCC, Pookode” എന്ന പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്നത് – സംബന്ധിച്ച്.</td><td>അനുവാദം നൽകി.<br><br>നടപടി: ഡി.എ.ആർ.</td></tr>
<tr><td>2.9</td><td>DAR - Qualifications of Assistant Professors in the “To – be - formed” departments under Food Technology Stream-Reg.</td><td>Decided to modify the eligibility prescribed in the agenda of following common courses as below.
<table>
<tr><th>Department</th><th>Essential Qualification</th></tr>
<tr><td>FINANCE AND COST ACCOUNTING</td><td>Post -graduation in Accountancy/Accounting & Finance/MBA in Finance in regular mode/MSc. in Co-operation and Banking (Rural Banking & Finance Management)</td></tr>
<tr><td>STATISTICS</td><td>Post-Graduation in Statistics/ Biostatistics Agricultural statistics</td></tr>
</table>
The agenda was approved with the above modifications and recommended to the Management Council.<br><br>Action: DAR</td></tr>
<tr><td>3.1</td><td>പൊതുഭരണം/എ2 - അനധ്യാപക തസ്തികകളിലെ നിയമനം സാധ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഗവൺമെന്റിലേക്ക് ശിപാർശ ചെയ്യുന്നത് - സംബന്ധിച്ച്.</td><td>അംഗീകരിച്ചു.<br><br>നടപടി: രജിസ്ട്രാർ</td></tr>
<tr><td>3.2</td><td>പൊതുഭരണം/എ2 - ശ്രീ. മാത്യു ഫിലിപ്പ്, അസ്സിസ്റ്റന്റിന്റെ നിരീക്ഷണ കാലം നീട്ടി നൽകിയതിന് സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.</td><td>സാധൂകരിച്ചു.<br><br>നടപടി: രജിസ്ട്രാർ</td></tr>
</table>

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.3 | പൊതുഭരണം/എ3 - മണ്ണുത്തി വെറ്ററിനറി ഹോസ്പിറ്റലിലെ ഫാർമസിസ്റ്റ് തസ്തിക റേഡിയോഗ്രാഫർ തസ്തികയായി പുനർ നാമകരണം ചെയ്യുന്നത് – സംബന്ധിച്ച്. | മാറ്റി വെച്ചു. ഇത്തരത്തിൽ ആവശ്യമായ പോസ്റ്റു കൾക്ക് അംഗീകാരം നേടുന്നതിനായി സർക്കാരിലേക്ക് സമർപ്പിക്കാവുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ബഹു. അംഗങ്ങളായ ഡോ. ലീബ ചാക്കോ, ഡോ. സജിത്ത് പുരുഷോത്തമൻ എന്നിവരെ ചുമതലപ്പെടുത്തി. ഇത്തരം പോസ്റ്റുകളെ സംബന്ധിച്ച വിവരങ്ങൾ ബഹു. അംഗങ്ങളെ അറിയിയ്ക്കാൻ ഡീൻമാരോട് നിർദ്ദേശിച്ചു. *നടപടി: രജിസ്ട്രാർ* |
| 3.4 | പൊതുഭരണം/എ4 – സേവനത്തിലിരിക്കെ മരണമടഞ്ഞ സി.എ.എസ്. എ.ജി.ബി.-യിലെ സ്ഥിരം തൊഴിലാളിയായ രഞ്ജിത്ത് എം എന്റെ ആശ്രിതയായ ഭാര്യ ബിൻസി എ ക്ക് സമാശ്വസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു. *നടപടി: രജിസ്ട്രാർ* |
| 3.5 | പൊതുഭരണം/എ4 - സർവ്വകലാശാലക്ക് കീഴിലെ ഐ.ടി. സെല്ലിൽ ടെക്നിക്കൽ ഓഫീസറായ ശ്രീ. നിധിൻ തദ്ദേവൂസ് ജേക്കബിന്റെ കരാർ നിയമനകാലാവധി ദീർഘിപ്പിക്കുന്നത്- സംബന്ധിച്ച്. | അംഗീകരിച്ചു. *നടപടി: രജിസ്ട്രാർ* |
| 3.6 | പൊതുഭരണം/എ6 - താഴ്ന്ന തസ്തികകളിൽ നിന്ന് ആഭ്യന്തര നിയമനം മുഖേന ബസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നല്കുന്നതിലേയ്ക്ക് നടത്തിയ യോഗ്യത നിർണ്ണയ പരീക്ഷ - വിജയം നിർണ്ണയിക്കുന്നതിലേയ്ക്കും നിയമനം നൽകുന്നതും – സംബന്ധിച്ച്. | അംഗീകരിച്ചു. *നടപടി: രജിസ്ട്രാർ* |
| 3.7 | പൊതുഭരണം/എ6 - താഴ്ന്ന തസ്തികകളിൽ നിന്ന് ആഭ്യന്തര നിയമനം മുഖേന ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നല്കുന്നതിലേയ്ക്ക് നടത്തിയ യോഗ്യത നിർണ്ണയ പരീക്ഷ - വിജയം നിർണ്ണയിക്കുന്നതിലേയ്ക്കും നിയമനം നൽകുന്നതും – സംബന്ധിച്ച്. | അംഗീകരിച്ചു. *നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.8 | പൊതുഭരണം/എ6 - താഴ്ന്ന കാറ്റഗറികളിൽ നിന്ന് എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിലേയ്ക്ക് നടത്തിയ യോഗ്യത നിർണ്ണയ പരീക്ഷ – വിജയം നിർണ്ണയിക്കുന്നതിലേയ്ക്കും നിയമനം നൽകുന്നതും – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.9 | പൊതുഭരണം/എ6 - താഴ്ന്ന കാറ്റഗറികളിൽ നിന്ന് ട്രാക്ടർ ഡ്രൈവർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിലേയ്ക്ക് നടത്തിയ യോഗ്യത നിർണ്ണയ പരീക്ഷ – വിജയം നിർണ്ണയിക്കുന്നതിലേയ്ക്കും നിയമനം നൽകുന്നതും – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.10 | പൊതുഭരണം/ഐ.ടി. സെൽ - സർവ്വകലാശാലയിലെ ഫയലിംഗ് സംവിധാനങ്ങൾ ഡിജിറ്റൽ രൂപത്തി ലാക്കുന്നതിന്റെ ഭാഗമായി DDFS (Digital Document Filing System) സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് സംബന്ധിച്ച്. | 1). സാധൂകരിച്ചു.<br>2). അനുവദിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.11 | പൊതുഭരണം/തൊഴിലാളി വിഭാഗം - ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്. | അനുവദിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.12 | പൊതുഭരണം/എ3 - സർവ്വകലാശാ ലയുടെ കീഴിലുള്ള മീറ്റ് ടെക്നോളജി യൂണിറ്റിൽ താൽക്കാലികമായി ജോലി ചെയ്യുന്ന മീറ്റ് പ്രോസസ്സിംഗ് ജീവനക്കാരുടെ സേവനം സ്ഥിര പ്പെടുത്തുന്നത് - സംബന്ധിച്ച്. | സ്ഥിരപ്പെടുത്തേണ്ടതില്ല എന്ന് തീരുമാ നിച്ചു.<br><br>ഇനം 3.3 – ലെ തീരുമാന പ്രകാരം നിശ്ചയിച്ച കമ്മിറ്റി ഈ തസ്തികകൾ കൂടി പരിഗണിക്കുന്നതിന് നിർദ്ദേശിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.13 | പൊതുഭരണം/എ6 - അധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ടു സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച്. | പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്ന മാതൃകയിൽ പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കാൻ ലോ ഓഫീസറെ ചുമതലപ്പെടുത്തി.<br>മുൻകാല പ്രാബല്യം ആവശ്യമാണെന്ന ബഹു. അംഗം ശ്രീ. തോമസ്. കെ. കെ.-യുടെ നിർദ്ദേശം ലോ ഓഫീസറോട് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു.<br>സമർപ്പിച്ച പ്രൊപ്പോസലിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ ഉയർന്ന പ്രായപരിധി 55 വയസ്സ് എന്ന് നിശ്ചയിക്കാതെ, കേരളത്തിലെ മറ്റു സർവകലാശാലകളിലെ പോലെ സർക്കാർ വിവിധ സമയങ്ങളിൽ നിശ്ചയിക്കുന്ന ഉയർന്ന പ്രായപരിധി എന്ന രീതിയിൽ സ്റ്റാറ്റ്യൂട്ട് 140(iii) തിരുത്തുന്നതിനു തീരുമാനിച്ചു.<br>പ്രൊപ്പോസലിലെ മേൽ തിരുത്തലുകളോട് കൂടി കുറിപ്പ് അംഗീകരിച്ച് മാനേജ്മെന്റ് കൗൺസിലി ലേക്ക് ശുപാർശ ചെയ്തു.<br>*നടപടി: രജിസ്ട്രാർ* |
| 3.14 | പൊതുഭരണം/ബി2 - 01.01.2023 മുതൽ 31.12.2023 വരെയുള്ള ഇന്റഗ്രേറ്റഡ് യൂണിവേഴ്സിറ്റി മാനേജ്മെന്റ് സിസ്റ്റത്തിന്റെ (IUMS) Annual Maintenance Contract (AMC) ഉടമ്പടി ചെയ്യുന്നതിനുള്ള ഭരണാനുമതി - സംബന്ധിച്ച്. | AMC ഉടമ്പടി ഏർപ്പെടുന്നത് M/s KELTRON – മായി ചേർന്ന് ആണെന്നതിനാൽ അനുമതി നൽകി.<br>*നടപടി: രജിസ്ട്രാർ* |
| 3.15 | പൊതുഭരണം/സി2 - ബഹു: കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ KVASU/GA/LO -12451/2021(3) dtd 07.11.2023, സർവകലാശാല ഉത്തരവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ നടപടികൾ - സംബന്ധിച്ച്. | ബഹു. അംഗം ശ്രീ. ഒ.ആർ. കേളു – എം.എൽ.എ. – യുടെ വിയോജിപ്പോടെ 83-ാമത് ഭരണസമിതി യോഗത്തിന്റെ തീരുമാനം അംഗീകരിച്ചു. പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ അനുവദിക്കണമെന്ന് ബഹു. ഹൈക്കോടതിയിൽ ആവശ്യപ്പെടാനും കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രം തുടർ നടപടികൾ സ്വീകരിച്ചാൽ മതിയെന്നും തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.16 | പൊതുഭരണം/സി1 - പൂക്കോട് ഗസ്റ്റ് ഹൗസിന്റെ വാടക വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.17 | GA/A6 - Restructuring of Teaching posts at KVASU - Proposal for distribution of posts in different subject and sanction for notifying vacancies - Reg. | Approved & recommended to MC.<br><br>*Action: Registrar* |
| 3.18 | GA/A6 - Recruitment to the vacant posts of Assistant Professors for the Colleges under the Faculty Veterinary Sciences - Proposal for distribution of posts in different subjects and sanction for notifying vacancies - Reg. | Approved & recommended to MC.<br><br>*Action: Registrar* |
| 3.19 | GA/A6 - Recruitment to the newly sanctioned posts of Assistant Professors for the Colleges under Dairy Faculty- - Proposal for distribution of posts in different subjects and sanction for notifying vacancies- Reg. | Approved & recommended to MC.<br><br>*Action: Registrar* |
| 3.20 | പൊതുഭരണം/എ6 - അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകളിലെ നിയമനം നടത്തുന്നതിലേയ്ക്ക് സർവ്വകലാശാല ഒറ്റ യൂണിറ്റായി കണക്കാക്കിയുള്ള സാമുദായിക സംവരണ ക്രമം - വകുപ്പ് തിരിച്ച് ഒഴുവുകൾ സംവരണ ക്രമം പാലിച്ച് നിശ്ചയിക്കുന്നത് – സംബന്ധിച്ച്. | നിയമനം നടത്തുന്നതിനുള്ള സംവരണ ക്രമം കാണിച്ച ഭരണ സമിതിയിൽ വീണ്ടും കുറിപ്പ് സമർപ്പിക്കണം എന്ന നിർദ്ദേശത്തോടെ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ അനുമതി നൽകി. മേൽ പരിഷ്കരണത്തോടെ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള അന്തിമ അംഗീകാരം നല്കുന്നതിനായി മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.21 | പൊതുഭരണം - 45-ാമത് മാനേജ് മെന്റ് കൗൺസിൽ യോഗത്തിന്റെ അജണ്ടകുറിപ്പുകൾ-അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 4.1 | DE – Distance Learning Programme – Approval of the final results - Reg. | Approved.<br><br>*Action: DE* |
| 4.2 | ഡി.ഇ – കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല, വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടത്തപ്പെടുന്ന സ്പോൺസെർഡ്/ നോൺ സ്പോൺസെർഡ് രീതിയിലുള്ള തനത് പ്രോഗ്രാമുകളിൽ അവർ അനുവദിക്കുന്ന പരസ്യ സ്ലോട്ടുകളിൽ മറ്റു പരസ്യങ്ങൾ അനുവദിക്കുന്നത് – സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഡി. ഇ.* |
| 4.3 | ഡി .ഇ.– നീർമാതളം & നിശാഗന്ധി ഗസ്റ്റ് ഹൗസുകളിലെ വാടക വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഡി. ഇ.* |
| 5.1 | ഐ.ഡി വിംഗ് - വയനാട് വികസന പാക്കേജ് "Establishment of Advanced Diagnostic Centre, Kalpetta, Vythiri Grama Panchayath by Kerala Veterinary and Animal Sciences University, Pookode, Wayanad"- സാങ്കേതിക അനുമതി നൽകുന്നത് - സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഡയറക്ടർ (ഐ. ഡി വിംഗ്)* |
| 5.2 | ഐ.ഡി.ഡബ്ല്യു - Construction of Knowledge Park for Capacity Building and Business Promotion in Dairy Processing at KVASU, Pookode, Wayanad - സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഡയറക്ടർ (ഐ. ഡി വിംഗ്)* |
| 6.1 | ധനകാര്യ വിഭാഗം – 2023 - 24 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് – അംഗീകരിക്കുന്നത് – സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | ധനകാര്യ വിഭാഗം - ഡയറക്ടർ ഓഫ് എന്റർപ്രെണർഷിപ്പിനു കീഴിലെ ടെക്നോളജി എനേബിൾഡ് ഡിസ്റ്റൻസ് ലേർണിംഗ് പ്രോഗ്രാംസ്, മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സ് എന്നീ കോഴ്സുകളുടെ ഫീസ് എച്ച്.ഡി.എഫ്.സി ബാങ്കിന്റെ കളക്ഷൻ സംവിധാനമുപയോഗിച്ചു സ്വീകരിക്കുന്നത് - സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 6.3 | ധനകാര്യ വിഭാഗം - പെൻഷൻ ഫണ്ട് നിക്ഷേപ തുകയിൽ നിന്നും ജീവനക്കാരുടെ വിരമനാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനു അനുമതി നൽകുന്നത് – സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.4 | ധനകാര്യ വിഭാഗം - സർവ്വകലാശാലയുടെ കീഴിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിവിധ ശാഖകളിലായി നിക്ഷേപിച്ചിട്ടുള്ള സ്ഥിര നിക്ഷേപങ്ങൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്യുന്ന ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുമതി തേടുന്നത് – സംബന്ധിച്ച്. | അനുവദിച്ചു.<br><br>ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| **അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ** | | |
| OA: 1 | പൊതുഭരണം/എ4 - സേവനത്തിലിരിക്കെ മരണമടഞ്ഞ പന്നി ഉല്പാദന ഗവേഷണ കേന്ദ്രത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ ജയരാജൻ കെ വി യുടെ മകൻ ശ്രീ അഭിനവ് കെ ജെ-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത് – സംബന്ധിച്ച്. | അനുവദിച്ചു<br><br>*നടപടി: രജിസ്ട്രാർ* |
| OA: 2 | പൊതുഭരണം/എ3 - ഫാം അസിസ്റ്റന്റ് Gr.II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. | മേൽ തസ്തികകളിൽ സർക്കാർ/ പി.എസ്.സി. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് വരെ ഒഴിവുകൾ പി. എസ്.സി. – ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലായെന്ന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| **അജണ്ടാക്കുറിപ്പുകൾക്ക് പുറമേ നടന്ന ചർച്ചകളും തീരുമാനങ്ങളും:** | | |

1. ഇടുക്കി ജില്ലയിലെ വിളിയാമറ്റം വില്ലേജിലെ കുട്ടികർഷകരുടെ 13 പശുക്കൾ ചത്തുപോയ സംഭവവുമായി ബന്ധപ്പെട്ട് എല്ലാ മേഖലയിൽ നിന്നും അവർക്ക് വാഗ്ദാനങ്ങൾ നല്കിയിട്ടുണ്ടെന്നും സർവ്വകലാശാലയും അത്തരമൊരു വാഗ്ദാനം നൽകണമെന്ന് ബഹു. അംഗം ശ്രീ. തോമസ്. കെ. കെ. നിർദ്ദേശിച്ചു. ഈ വിഷയത്തിൽ ബഹു. മൃഗ സംരക്ഷണ മന്ത്രി സർവ്വകലാശാലയുടെ വാഗ്ദാനം അറിയിക്കുമെന്ന് രജിസ്ട്രാർ സഭയെ അറിയിച്ചു.
*നടപടി: രജിസ്ട്രാർ*

2. സർവ്വകലാശാലാ പരിസരത്ത് മാലിന്യം കുമ്പാരമായി കിടന്നതിനാൽ പഞ്ചായത്ത് പിഴ ഈടാക്കിയ സംഭവം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു. അംഗം ശ്രീ. തോമസ്. കെ. കെ. നിർദ്ദേശിച്ചു. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് ബഹു. വൈസ് ചാൻസലറും രജിസ്ട്രാറും സഭയെ അറിയിച്ചു.
*നടപടി: രജിസ്ട്രാർ*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 12.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(24-01-2024 തീയതിയിൽ അംഗീകരിച്ചു.)*

**//True Copy//**

**SECTION OFFICER - GA/B Section**